# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ:04872371931)


## എറണാകുളം


**E mail: kauagmet@yahoo.co.in, cohagmet@kau.in**


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 37/16, ചൊവ്വാഴ്ച** **തീയ്യതി 06.09.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 07.09.2016 | 08.09.2016 | 09.09.2016 | 10.09.2016 | 11.09.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 1 | 1 | 3 | 4 | 4 |
| ഉയർന്ന താപനില (°C ) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 5 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 290 | 320 | 320 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | കതിർ പരുവം/ഇല കരിച്ചിൽ | ഇല കരിച്ചിൽ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രണ്ടാഴ്ച്ചയ്ക്ക് ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയോ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. |
| വാഴ | സിഗാടോക്കരോഗം | ഒന്നിടവിട്ട മഴയും വെയിലും മൂലം വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്യുക. ഈ രോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, ബാവിസ്റ്റിൻ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| ജാതി | ഇല കൊഴിച്ചിൽ | കേടു വന്ന ഇലകൾ നീക്കം ചെയ്തതിനു ശേഷം 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പയർ | കായ്തുരപ്പൻ | കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പെണ്ണ അടങ്ങിയ കീടനാശിനി 4 മി.ല്ലി. ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. ഇത് ആഴ്ച്ചയിൽ ആവർത്തിക്കുക. |